## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2259** **23.01.2014-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി കമ്പനി ഘടനയും ലൈൻമാൻ, മസ്ദൂർ ഒഴിവുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി കമ്പനിവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഘടന വിശദമാക്കുമോ ; | (എ) 2008-ലെ ഒന്നാം കൈമാറ്റ പദ്ധതിയിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന കെ. എസ്. ഇ. ബോർഡിൻെറ ആസ്തി-ബാധ്യതകളെയും ജീവനക്കാരെയും 2003-ലെ ആക്ടിൻെറ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി കൊണ്ട് 31-10-2013-ന് രണ്ടാം കൈമാറ്റ പദ്ധതി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു പബ്ളിക് ലിമിറ്റഡ് കമ്പനിയായിട്ടാണ് 14-01-2011-ന് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രധാനമായും ആവശ്യമായ 'സർട്ടിഫിക്കറ്റ് ഓഫ് കമൻസ്മെൻറ് ഓഫ് ബിസിനസ് ' എന്ന സാക്ഷ്യപത്രം രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും 2013 ജൂൺ ആറിന് ലഭിച്ചിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട ആസ്തി ബാധ്യതകളും മറ്റും ഉപയോഗിച്ചു കൊണ്ട് കമ്പനിയുടെ പ്രവർത്തനം വിജ്ഞാപന തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കെ. എസ്. ഇ. ബി-യിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസം നിലവിലുണ്ടോ ; | (ബി) നിലവിലുള്ള ഒഴിവുകളിൽ നിയമിക്കുന്നതിന് തടസ്സം ഇല്ല. |
| (സി) ലൈൻമാൻ, മസ്ദൂർ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അവ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിവരം നൽകുമോ ; | (സി) ലൈൻമാൻ - 102 ഒഴിവുകൾ.<br>(ലൈൻമാൻ ഒഴിവുകൾ ജില്ലാ അടിസ്ഥാനത്തിലല്ല കണക്കാക്കുന്നത്).<br>മസ്ദൂർ - 1468 ഒഴിവുകൾ. |

| | |
|---|---|
| തിരുവനന്തപുരം | 75 |
| കൊല്ലം | 10 |
| കോട്ടയം | 53 |
| ആലപ്പുഴ | 6 |
| എറണാകുളം | 129 |
| ഇടുക്കി | 4 |
| തൃശ്ശൂർ | 392 |
| മലപ്പുറം | 229 |
| പാലക്കാട് | 233 |
| കോഴിക്കോട് | 222 |
| കണ്ണൂർ | 112 |
| കാസർഗോഡ് | 3 |

(ഡി) ലൈൻമാൻ, മസ്ദൂർ തസ്തികകളിൽ പി. എസ്. സി-യെ അറിയിക്കാത്ത എത്ര ഒഴിവുകളുണ്ടെന്ന് ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിവരം നൽകുമോ ?

(ഡി) ലൈൻമാൻ ഒഴിവുകൾ പി. എസ്. സി മുഖേനയല്ല, പ്രമോഷൻ വഴിയാണ് നികത്തുന്നത്.

മസ്ദൂർ തസ്തികയിൽ പി. എസ്. സി. യെ അറിയിക്കാത്ത 792 ഒഴിവുകളുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 46 |
| കോട്ടയം | 12 |
| ആലപ്പുഴ | 6 |
| ഇടുക്കി | 4 |
| തൃശ്ശൂർ | 122 |
| മലപ്പുറം | 163 |
| പാലക്കാട് | 147 |
| കോഴിക്കോട് | 204 |
| കണ്ണൂർ | 88 |

**സെക്ഷൻ ഓഫീസർ.**